കേരളത്തിലെ ഗ്രന്ഥശാല പ്രസ്ഥാനം - 3

# കേരള ഗ്രന്ഥശാലാ നിയമം: ചില പ്രാരംഭ ചിന്തകൾ

ആർ. രാമൻ നായർ

വീക്ഷണം 14 ആഗസ്റ്റ് 1987

ഗ്രാമ നഗര ഭേദമില്ലാതെ സാമ്പത്തികസാമൂഹികതലങ്ങളുടെ അതിരുകൾ കടന്ന് ജനങ്ങൾക്കാകമാനം ഉയർന്ന നിലവാരമുള്ള വിജ്ഞാന സേവനം ഉറപ്പാക്കുന്ന ഒരു കേരളഗ്രന്ഥശാല നിയമമാണ് നമുക്ക് വേണ്ടത്. ദേശീയ വിജ്ഞാന വിതരണ സംവിധാനത്തിന്റെ ഭാഗമായി മറ്റു സംസ്ഥാനങ്ങൾക്കും അത്തരം ഗ്രന്ഥശാലാ വ്യവസ്ഥകൾ കെട്ടിപ്പടുക്കാനായി കേരള ഗ്രന്ഥശാലാ സംഘം പോലുള്ള പ്രാദേശിക വ്യതിയാനങ്ങൾക്കും ഉണർത്തികൾക്കുമാണല്ലോ. അല്ല ഗ്രന്ഥശാലാ സേവനത്തിന്റെ സ്വഭാവത്തിനും നിലവാരത്തിനും വ്യാപനത്തിനും ആണോ പ്രാധാന്യം കൊടുക്കേണ്ടതെന്ന് ഗ്രന്ഥശാലാ നിയമ നിർമ്മാണ ശ്രമങ്ങൾ തുടങ്ങുന്ന അവസരത്തിൽ തന്നെ നാം ഗൗരവ പൂർവം ചിന്തിക്കേണ്ടിയിരിക്കുന്നു

Library Movement in Kerala – 1: **Could the Kerala Granthasala Sangham achieve its objectives?** Veekshanam, 13, August, 1987

**Personal Archive Files:**

**Note**: Forms part of a series of articles published in 1987 under the common title; Library Movement in Kerala in a popular regional (Kerala) daily of local language (Malayalam). At that time there was no library legislation in Kerala. Various attempts during 1960- 1985 for enacting a Kerala Public Library act failed due to interests of some pressure groups controlling the library movement that came into conflict with a principles behind the proper library legislation. There were also signs of the further attempts for library legislation taking a wrong direction to adjust with the pressure groups. In such a situation the articles in this series attempted to raise public opinion in favor of enacting library legislation in Kerala as per accepted principles and models. These articles were published in 1987. But while enacting the Kerala Public Library Act 1989 the aspects pointed out in these articles were not considered. Still 19 years after its publication these articles many of the recommendations of the paper stands relevant for amending Kerala Public Libraries Act 1989.

## കേരളത്തിലെ ഗ്രന്ഥശാല പ്ര

# കേരള ഗ്രന്ഥശാ
# ചില പ്രാരംഭ ച

ആർ രാമൻ നായർ

ഒരു പൊതു ഗ്രന്ഥാലയം അതിന്റെ സേവന പരിധിക്കകത്തു വരുന്ന സമൂഹത്തിലെ ജനങ്ങളുടെ വിജ്ഞാനാവശ്യങ്ങൾ എല്ലാം നിവർത്തിക്കുവാൻ പര്യാപ്തമായിരിക്കണം. ഗവർമെണ്ടിന്റെ പൂർണ്ണമായ നിയന്ത്രണത്തിലുള്ള ഒരു കേന്ദ്ര ഏജൻസിയാൽ പ്രവർത്തനം ഏകോപിപ്പിക്കപ്പെടുന്ന നിയമാധിഷ്ഠിതമായ ഗ്രന്ഥാലയ വ്യവസ്ഥയിലെ ഒരു സേവന കേന്ദ്രത്തിനു മാത്രമേ കാര്യക്ഷമമായ ഒരു വിജ്ഞാന വിതരണ പ്രവർത്തനം സാദ്ധ്യമാകൂ. നിലവിലുള്ള ഗ്രന്ഥാലയ പ്രവർത്തന രീതികളെക്കുറിച്ചും അതിന്റെ ജനകീയ സ്വഭാവത്തെക്കുറിച്ചും അതിനു മാറ്റം വരുത്തിയാലുണ്ടാവുന്ന അപകടങ്ങളെക്കുറിച്ചും ഒരു കൂട്ടർ വാചാലരാവുമ്പോൾ ആ കഴിഞ്ഞകാല ഗ്രന്ഥാലയ പ്രവർത്തനങ്ങളുടെ നേട്ടത്തെ ഒരു പൊതു ഗ്രന്ഥാലയ വ്യവസ്ഥയുടെ അംഗീകരിക്കപ്പെട്ട നിർവചനങ്ങളുമായി തട്ടിച്ചുനോക്കുക ആവശ്യമാവുന്നു. ഗ്രന്ഥശാലാ വ്യവസ്ഥക്കു ജനായത്ത ഭരണ രീതി മാത്രം മതിയോ? അതോ അവയെ ജനങ്ങൾക്കാകമാനം ഉപകരിക്കുന്ന യഥാർത്ഥ ജനകീയ സ്ഥാപനങ്ങളാക്കിത്തീർക്കണമോ? അത്തരം ഗ്രന്ഥാലയങ്ങളുടെ ഭരണം ആരുടെ പ്രതിനിധികളാണ് നിർവഹിക്കുവാനുള്ളത്?

## ജനായത്ത സ്വഭാവം എങ്ങനെ

കേരള ഗ്രന്ഥശാലാ സംഘത്തിന്റെ പ്രവർത്തന ശൈലി ജനായത്ത രീതിയിലുള്ളതാണെന്നും ഗ്രന്ഥശാലകൾ ഗവർമെണ്ടിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൻ കീഴിൽ ആവുമ്പോൾ ആ സ്വഭാവം നഷ്ടമായി ഉദ്യോഗസ്ഥ മേധാവിത്വം കടന്നുവരുമെന്നുമുള്ളതാണ് ഇതുവരെയുള്ള ലൈബ്രറി ബില്ലുകളെ എതിർത്തിരുന്നവരുടെ ഒരു പ്രധാന വാദം. നമ്മുടെ നാട്ടിലെ സാംസ്കാരിക സംഘടനകൾ തൊട്ട് രാഷ്ട്രീയ പാർട്ടികൾ വരെ ജനായത്ത ഭരണ രീതിയിൽ തുടർന്നു വരുന്നവയാണ്. നമ്മുടെ ഗവർമെണ്ടും ജനായത്ത ഭരണ ക്രമം തന്നെയാണ് സ്വീകരിച്ചിരിക്കുന്നത്. ജനായത്തഭരണക്രമം പാലിക്കുന്ന ഒരു സംഘം മാത്രമായി നിൽക്കുന്നു എന്നതുകൊണ്ട് മാത്രം കേരള ഗ്രന്ഥശാലാസംഘത്തിനു

ഗവൺമെന്റിന്റെ ചുമതലയായ ഒരു അടിസ്ഥാന സേവനം, അതും വമ്പിച്ച സാമ്പത്തിക ബാദ്ധ്യത വരുന്ന ഒരു പ്രവർത്തനം തുടർച്ചയായി, നിഷ്പക്ഷമായി സൗജന്യമായി അതും ഗവൺമെന്റിനേക്കാൾ കാര്യക്ഷമമായി നടത്താനാവുമെന്നത് ഒരു മിഥ്യാധാരണയാണ്. ഇത്തരം വമ്പിച്ച പ്രവർത്തന പദ്ധതികൾക്ക് ആവശ്യമായി വരുന്ന ബൃഹത്തായ ഒരു ഉദ്യോഗസ്ഥ വൃന്ദത്തെയും ഒരു ഗവൺമെന്റിനായാലും ഒരു സ്വതന്ത്രസംഘത്തിനായാലും ഒഴിച്ചു കൂടാനാവില്ല. ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒരു ജനായത്ത ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ഉദ്യോഗസ്ഥ വൃന്ദമാണ് അഭികാമ്യം.

## ആരുടെ പ്രാതിനിധ്യം

നമ്മുടെ പഴയ ഗ്രന്ഥാലയ പ്രവർത്തകർക്ക് പ്രാതിനിധ്യവും സ്വാധീനവും നഷ്ടപ്പെടുമെന്നതും ഗ്രന്ഥാലയ സംഘം ഇല്ലാതാവുമെന്നതുമാണ് ഇതുവരെയുള്ള ബില്ലുകളെ എതിർത്തവർ മുന്നോട്ട് വച്ച മറ്റൊരു വാദം. ഗ്രന്ഥശാലാ സംഘത്തിന്റെ അടിസ്ഥാന ഘടകം അംഗ ഗ്രന്ഥശാലകൾ ആണ്. ഓരോ ഗ്രന്ഥശാലയിലെയും അംഗങ്ങൾ വാർഷിക പൊതുയോഗത്തിൽ അതിന്റെ ഭരണ നിർവ്വാഹക സമിതിയെ തെരഞ്ഞെടുക്കുന്നു.

അങ്ങനെ താലൂക്ക് ജില്ലാതലത്തിലൂടെ കടന്നു ചെല്ലുന്ന ഈ അംഗങ്ങളുടെ പ്രാതിനിധ്യമാണ് ഗ്രന്ഥശാലാ സംഘത്തിന്റെ ഭരണ സമിതിയിലും പ്രവർത്തന സമിതിയിലുമുള്ളത്. പക്ഷേ പൊതുഗ്രന്ഥാലയങ്ങൾ അവയെയുപയോഗപ്പെടുത്തുന്ന അംഗങ്ങളും, ഗ്രന്ഥാലയ പ്രവർത്തകരുമായ ഒരു ന്യൂനപക്ഷം തെരഞ്ഞെടുക്കുന്ന പ്രതിനിധികൾക്ക് ഭരിക്കാനുള്ളതല്ല. പൊതു ഗ്രന്ഥാലയങ്ങൾ ജനങ്ങളുടെയാകെ വിയർപ്പിന്റെ ഫലംകൊണ്ട് നിലനിർത്തപ്പെടുന്നവയാണ്. അല്ലാതെ അംഗങ്ങൾ നൽകുന്ന നാമമാത്രമായ വരിസംഖ്യ കൊണ്ടല്ല അവ പ്രവർത്തിപ്പിക്കപ്പെടുന്നത്. അവ ജനങ്ങളുടെയാകെ സ്വത്താണ്. ജനങ്ങൾക്കാകമാനം വിജ്ഞാന സേവനം എത്തിക്കേണ്ടുന്ന, ജനായത്ത വ്യവസ്ഥയെ യാഥാർത്ഥ്യമാക്കാനാവും വിധം ജനങ്ങളെ അറിവും ബുദ്ധി ശക്തിയുമുള്ളവരാക്കേണ്ട സമൂഹ കേന്ദ്രങ്ങളാണവ. അതുകൊണ്ട് തന്നെയാണ് പൊതുഗ്രന്ഥാലയങ്ങളുടെ സേവനം സൗജന്യമായിരിക്കണം എന്ന് യുനെസ്കോ നിർദ്ദേശിക്കുന്നതും.

പൊതുഗ്രന്ഥാലയങ്ങളുടെ സൗജന്യ സേവനം എന്ന ലക്ഷ്യം കൂടി സഫലീകരിക്കപ്പെട്ടപ്പോൾ, അംഗങ്ങൾ എന്ന വരേണ്യ വിഭാഗം ഇല്ലാതാവുന്നു. അംഗങ്ങൾ

> ഗ്രാമ നഗര ഭേദമില്ലാതെ സാമ്പത്തിക സാമൂഹിക തലങ്ങളുടെ അതിരുകൾ കടന്ന് ജനങ്ങൾക്കാകമാനം ഉയർന്ന നിലവാരമുള്ള വിജ്ഞാന സേവനം ഉറപ്പാക്കുന്ന ഒരു ഗ്രന്ഥാലയ നിയമമാണ് നമുക്ക് വേണ്ടത്. ദേശീയ ഗ്രന്ഥാലയ വിജ്ഞാന വിതരണ പദ്ധതിയുടെ ഭാഗമായി മാത്രമേ സംസ്ഥാനങ്ങൾക്കും അത്തരം ഗ്രന്ഥശാലാ വ്യവസ്ഥകൾ കെട്ടിപ്പടുക്കാനാവൂ. കേരള ഗ്രന്ഥശാലാ സംഘം പോലുള്ള പ്രാദേശിക വ്യതിയാനങ്ങൾക്കും ഭരണ രീതികൾക്കുമാണോ അല്ല ഗ്രന്ഥാലയ സേവനത്തിന്റെ സ്വഭാവത്തിനും നിലവാരത്തിനും വ്യാപനത്തിനുമാണോ പ്രാധാന്യം കൊടുക്കേണ്ടതെന്ന് ഗ്രന്ഥശാലാ നിയമ നിർമ്മാണ ശ്രമങ്ങൾ തുടങ്ങുന്ന ഈ അവസരത്തിൽ നമ്മൾ ഗൗരവപൂർവം ചിന്തിക്കേണ്ടിയിരിക്കുന്നു.

[illegible]

## ...സ്ഥാനം-3

# ...ലാ നിയമം: ...ചിന്തകൾ

തെരഞ്ഞെടുക്കുന്ന ഭരണകക്ഷികളും മറ്റുള്ള പ്രസക്തിയും നഷ്ടമാവുന്നു അപ്പോൾ ജനങ്ങളുടെയാകെ പ്രാതിനിധ്യമുള്ള ഭരണകർത്താക്കളാണ് ഗ്രന്ഥാലയങ്ങളെയും നിയന്ത്രിക്കേണ്ടത്. ഒരു ഗ്രാമീണ ഗ്രന്ഥാലയത്തിന്റെ ഭരണത്തിൽ ആ ഗ്രാമത്തിലെ ഗ്രന്ഥാലയാംഗത്വം എടുക്കാനാവുന്ന ന്യൂനപക്ഷത്തിന്റെ പ്രാതിനിധ്യമല്ല ആ ഗ്രാമത്തിലെ ജനങ്ങളുടെയാകെ പ്രാതിനിധ്യമാണ് ഗ്രന്ഥാലയത്തെ പ്രാദേശികഭരണ സംവിധാനവുമായി ബന്ധപ്പെടുത്തിയിരിക്കുമ്പോൾ ലഭ്യമാകുക. ഒരു ജനകീയ ഭരണവ്യവസ്ഥയ്ക്കുള്ളിൽ ഗവൺമെന്റ് നേരിട്ട് നടത്തുന്ന നിയമാധിഷ്ഠിതമായ അത്തരം ഒരു പൊതുഗ്രന്ഥാലയ വിജ്ഞാന വിതരണവ്യവസ്ഥയ്ക്കാണ് യഥാർത്ഥമായ ജനകീയ സ്വഭാവമുള്ളത്. ജനായത്തത്തിന്റെ ലക്ഷ്യങ്ങളിലേക്കുള്ള യാത്ര സുഗമമാക്കാനാവുന്നത്.

### ഗവൺമെന്റിന്റെ ഉത്തരവാദിത്വം

സാധാരണക്കാരായ ബഹുഭൂരിപക്ഷത്തിന്റേയും വിദ്യാഭ്യാസത്തിനും വിജ്ഞാനത്തിനും സഹായകമാവേണ്ടുന്ന ഏകസ്ഥാപനങ്ങൾ എന്ന നിലയിൽ, തുടർച്ചയായ, നിഷ്പക്ഷമായ നിലവാരമുള്ള സേവനലഭ്യതയുടെ തുല്യമായ അവസരങ്ങൾ പൊതുഗ്രന്ഥാലയങ്ങൾ ജനതയ്ക്കുറപ്പാക്കേണ്ടതുണ്ട് . ഗവൺമെന്റിന്റെ പൂർണ്ണമായ ഉത്തരവാദിത്വത്തിൻ കീഴിൽ മാത്രമേ അതു സാദ്ധ്യമാവൂ അത്തരം ഒരു വിപുലമായ ഗ്രന്ഥാലയവിജ്ഞാന വിതരണ വ്യവസ്ഥയുടെ ഭരണം ഒരു സ്വതന്ത്രസംഘടനയ്ക്കോ സംവിധാനത്തിനോ വിടുക ബുദ്ധിപൂർവമല്ല എന്നാണ് കേരളത്തിലെ ഗ്രന്ഥശാലാസംഘത്തിനകത്ത് 1976–77 കളിലുണ്ടായ ഗ്രൂപ്പിസവും അധികാരവടംവലികളും വ്യക്തമാക്കിയത്. അത്തരം സംഘങ്ങളുടെ ഭരണനിർവഹണത്തിൽ വന്നേക്കാവുന്ന പരാജയം ഗ്രന്ഥശാലകൾക്കുവേണ്ടി ഗവൺമെന്റ് ചിലവിടുന്ന ധനം പാഴായിപ്പോകുന്നതിനു കാരണമാവും. ഒരു നിയമാധിഷ്ഠിതമായ പൊതുഗ്രന്ഥാലയ വ്യവസ്ഥ നിലവിൽവരുന്നതുവരെ അതിനുപകരമായി അത്യാവശ്യ സേവനങ്ങൾ നൽകാവുന്ന ഒരു സംവിധാനത്തെ നിലനിർത്തുകയായിരുന്നു ഇതുവരെയും ഗ്രന്ഥശാലാ സംഘത്തിനു ഗവൺമെന്റ് നൽകിയ നിർലോഭമായ സഹകരണത്തിന്റെ ലക്ഷ്യം പക്ഷേ ഒരു സമഗ്രമായ പൊതുഗ്രന്ഥാലയ വിജ്ഞാനവിതരണ സംവിധാനവും അതിന്റെ സാമ്പത്തിക ബാദ്ധ്യതയും ഗവൺമെന്റിനുമാത്രം താങ്ങാനാവുന്നതാണ്.

പൊതുഫണ്ടിൽനിന്നും നിലനിർത്തപ്പെട്ട ഗ്രന്ഥശാലാ സംഘം അതിന്റെ പ്രവർത്തനങ്ങളിൽ പരാജയപ്പെട്ട ഒരു സന്ദർഭത്തിൽ സംഘത്തിന്റെ ഭരണച്ചുമതല ഏറ്റെടുത്തതിലൂടെ ജനങ്ങൾക്ക് തുടർച്ചയായ ഗ്രന്ഥാലയ വിജ്ഞാന വിതരണസേവനങ്ങൾ ലഭ്യമാക്കേണ്ടുന്നതിന്റെ ഉത്തരവാദിത്വം ഗവർമെണ്ട് താത്വികമായി അംഗീകരിക്കുകയാണ് ചെയ്തത്.

### പുനർനവീകരണം

[illegible]
ശേഷം 6 ൽ

# കേരള ഗ്രന്ഥശാലാ നിയമം...

2-ൽനിന്ന്

ബ്രറി ബില്ലുകൾക്ക് ഗ്രന്ഥശാലാ പ്രവർത്തകരിൽ നിന്നും അഭിമുഖീകരിക്കേണ്ടിവരുന്ന മറ്റൊരു വിമർശനം ആ ബില്ലുകൾ മറ്റു സംസ്ഥാനങ്ങളിലെ ബില്ലുകളുടെ തനിപ്പകർപ്പാണെന്നും തനതായ വ്യക്തിത്വമുള്ള നമ്മുടെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് അത് അനുയോജ്യമല്ലെന്നുമാണ്. പക്ഷെ ഇന്ന് ഇവിടെ നിലവിലുള്ള മറ്റു സംസ്ഥാനങ്ങളുടേതിൽ നിന്നും വ്യത്യസ്ഥമായ ഗ്രന്ഥാലയ പ്രവർത്തന രീതിക്ക് ഇതുവരെയും കാര്യക്ഷമമായ ഒരു പൊതു ഗ്രന്ഥാലയ സേവന സംവിധാനം കെട്ടിപ്പടുക്കുവാൻ ആയില്ലെന്ന സ്ഥിതിക്ക്, കൂടുതൽ പുരോഗമനപരമായ ഒരു വ്യവസ്ഥയുണ്ടാക്കുക വഴി നമ്മുടെ ഗ്രന്ഥാലയ സേവന സംരംഭം തളർന്നു പോകുമെന്ന് കരുതാനാവില്ല. നിലവിലുള്ള പ്രസ്ഥാനം ആധുനിക ജീവിതത്തിലെ വിജ്ഞാനാവശ്യങ്ങൾ നിറവേറ്റാനാകുംവിധം നവീകരിക്കപ്പെടുമെന്ന് പറയുന്നതാവും കൂടുതൽ ശരി.

മറ്റു സംസ്ഥാനങ്ങളുടേതിൽനിന്നും തികച്ചും വ്യത്യസ്ഥമായ ഒരു ഗ്രന്ഥാലയ സംവിധാനമാണ് കേരളത്തിനുവേണ്ടതെന്ന ആവശ്യം പുരോഗമനപരമോ പ്രായോഗികപരമോ അല്ല. ഒരുസംസ്ഥാനത്തിനകത്തുമാത്രം ഒതുങ്ങിനിൽക്കുന്നതല്ല. ഒരു ദേശീയ വിദ്യാഭ്യാസ, വിജ്ഞാനവിനിമയ, വാർത്താ വിതരണ സംവിധാനത്തിന്റെ ഭാഗമാവേണ്ടുന്നവയായാണ് ഏതൊരു സംസ്ഥാനത്തേയും പൊതുഗ്രന്ഥാലയ വ്യവസ്ഥ. കാര്യക്ഷമമായ ഒരു സംസ്ഥാനം ഗ്രന്ഥശാലാവ്യവസ്ഥയിൽ അതിലെ ഓരോ പൊതുഗ്രന്ഥാലയവും ഒരു ദേശീയ ഗ്രന്ഥയ വിജ്ഞാന വിതരണ പദ്ധതിയിലെ സേവനകേന്ദ്രങ്ങൾ തന്നെയായിത്തീരുന്നു അങ്ങനെ ദേശീയ തലത്തിൽ ഗ്രന്ഥാലയപ്രവർത്തനങ്ങളെ ഏകോപിപ്പിക്കണമെങ്കിൽ വിവിധ സംസ്ഥാനങ്ങളിലെ ഗ്രന്ഥാലയവ്യവസ്ഥകൾക്ക് ഒരു ഏകീകൃത സ്വഭാവം വേണം. മറ്റു സംസ്ഥാനങ്ങളുടേതിനെപ്പോലെ കേരളത്തിലെ ഗ്രന്ഥാലയ വ്യവസ്ഥയും ഒരു ദേശീയ സംവിധാനത്തിന്റെ ഭാഗമാവാനുള്ളതാണ്.

ദേശീയ തലത്തിലും അത്തരം ഒരു ഏകോപിപ്പിക്കൽസാദ്ധ്യമാകാൻ വേണ്ടിയാണ് മറ്റു സംസ്ഥാനങ്ങളും കേന്ദ്ര ആസൂത്രണ കമ്മീഷന്റെ ഗ്രന്ഥാലയ പ്രവർത്തനസമിതി നിർമ്മിച്ച മാതൃകാ നിയമത്തിനെ അത്യാവശ്യം വേണ്ടചെറിയ ഭേദഗതികൾ മാത്രം വരുത്തി സ്വീകരിച്ചിരിക്കുന്നത്. ആ സംസ്ഥാനങ്ങളിലെനിയമാധിഷ്ഠിതമായ ഗ്രന്ഥാലയ പ്രവർത്തനങ്ങളുടെ പുരോഗതിയെ വിലയിരുത്തുകയും അവർ വരുത്തിയ പ്രാദേശിക വ്യതിയാനങ്ങളുടെ ഫലത്തെക്കുറിച്ച് പഠിക്കുകയും പ്ലാനിങ്ങ് കമ്മീഷന്റെ മാതൃകാനിയമത്തെ ഈ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ വിലയിരുത്തി കേരളത്തിന് അത്യാവശ്യമായ ഭേദഗതികളോടെ ഒരുക്കിയെടുത്ത് അതിന്റെ പൊതുസ്വഭാവം നഷ്ടപ്പെടാതെ തന്നെ സ്വീകരിക്കുകയാണ് നമുക്ക് വേണ്ടത്.

## കേരള ഗ്രന്ഥശാല നിയമം

കേരളത്തിൽ ഇന്ന് നിലവിലുള്ള വ്യത്യസ്ഥ ഗ്രന്ഥശാലാ വ്യവസ്ഥിതികളെഏകോപിപ്പിച്ച്, എല്ലാ പ്രദേശങ്ങളിലും എല്ലാ തലങ്ങളിലെ ജനങ്ങൾക്കും ഗ്രന്ഥാലയ വിജ്ഞാന വിനിമയ സേവനങ്ങളും വാർത്താവിതരണവും ഉറപ്പാക്കുവാൻ കഴിയുന്ന അത്തരം ഒരു നിയമം തന്നെ നിലവിൽ വരണമോ വേണ്ടയോ എന്നു തീരുമാനിക്കേണ്ടത് വിദ്യാഭ്യാസഗ്രന്ഥശാലാ സൗകര്യങ്ങൾ ലഭ്യമായ ഒരുന്യൂനപക്ഷമല്ല സാധാരണക്കാരായ നമ്മുടെ ജനഭൂരിപക്ഷത്തിന്റെ അവകാശമാണത് കാരണം ഇവിടെ നമ്മൾ കെട്ടിപ്പടുക്കുന്ന ഒരു പൊതുഗ്രന്ഥാലയ വ്യവസ്ഥ ദേശീയ ഗ്രന്ഥാലയ വിജ്ഞാനവിതരണങ്ങളുടെഭാഗമാവുന്നത് കൊണ്ട് വിജ്ഞാന ലഭ്യതയും അത്യാവശ്യ വിദ്യാഭ്യാസ സൗകര്യങ്ങളും ഉറപ്പാക്കപ്പെടുന്നത് ഇന്ന് അവയെ സമീപിക്കാൻ കഴിയാത്ത സാധാരണക്കാരനാണ്. കാര്യക്ഷമമായ ഒരു പൊതു ഗ്രന്ഥാലയ വ്യവസ്ഥയിൽ ദേശത്തെങ്ങുമുള്ള വിജ്ഞാന ശേഖരങ്ങൾ നമ്മുടെ ഗ്രാമീണനും കൂടി സുപ്രാപ്യമാവുന്നു. തൊഴിൽ സാദ്ധ്യതകളെക്കുറിച്ചും ഉപരിപഠന സൗകര്യങ്ങളെക്കുറിച്ചുമൊക്കെയുള്ള വിവരങ്ങൾ അറിയുവാനായി തന്റെഗ്രാമംവിട്ട് വിദൂരനഗരങ്ങളിലെത്തേണ്ട ഗതികേട് ഗ്രാമീണയുവാക്കൾക്ക് ഒഴിവാക്കികിട്ടുന്നു. കാർഷിക വിജ്ഞാന വിതരണം, ആരോഗ്യ പഠന ക്ലാസ്സുകൾ നടത്തൽ, സമൂഹ റേഡിയോ ടെലിവിഷൻസെററുകൾ നിലനിർത്തൽ, കേന്ദ്രഗവൺമെന്റിന്റെയും സംസ്ഥാനഗവൺമെന്റിന്റെയും പ്രസിദ്ധീകരണങ്ങൾജനങ്ങൾക്കാകമാനം പ്രയോജനപ്രദമാക്കൽ അനൗപചാരിക തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിർവഹിക്കൽ തുടങ്ങിയ ഗവർമെണ്ടിന്റെ അനേകം ഉത്തരവാദിത്വങ്ങൾ ഫലപ്രദമായി നിവർത്തിക്കൽ സാദ്ധ്യമാകുന്നു.

അതിനൊക്കെ നമ്മുടെ ഗ്രന്ഥശാലാ പ്രവർത്തനങ്ങളെസംസ്ഥാന ദേശീയ തലങ്ങളിൽ ഏകോപിപ്പിക്കുവാൻ കഴിയുംവിധമുള്ള കേന്ദ്ര ആസൂത്രണ കമ്മീഷന്റെ മാതൃകാ ഗ്രന്ഥാലയ നിയമത്തെത്തന്നെ നമ്മുടെ പൊതു ഗ്രന്ഥാലയ വ്യവസ്ഥക്കും ഉപയോഗപ്പെടുത്തണം. അതിനോട് യോജിക്കാത്ത ഒരു ഗ്രന്ഥശാലാ നിയമം കൊണ്ടുവരികയെന്നാൽ ഒരു പക്ഷെ ഗ്രന്ഥശാലാ പ്രവർത്തനവുമായി ബന്ധപ്പെട്ട ഒരു ന്യൂനപക്ഷത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കുവാനായേക്കും. എന്നാൽ പൊതു ഗ്രന്ഥാലയ വ്യവസ്ഥകൊണ്ട് ഉദ്ദേശിക്കപ്പെടുന്ന ലക്ഷ്യങ്ങൾ പൂർത്തീകരിക്കുവാനാവാതെ പോകും. സാധാരണക്കാരന്റെ വിജ്ഞാനാവശ്യങ്ങൾ നിവർത്തിക്കുവാനുള്ള കാര്യക്ഷമമായ ഒരു സംവിധാനം കെട്ടിപ്പടുക്കുക വീണ്ടുമൊരനിശ്ചിതകാലത്തേക്ക് യാഥാർത്ഥ്യമാവാതെ പോകും.

ഒരു ഗ്രന്ഥശാലാ നിയമത്തിനുവേണ്ടി ശ്രമം തുടങ്ങുന്ന ഈ അവസരത്തിൽ നമ്മൾ പ്രാധാന്യം കൊടുക്കേണ്ടത് വരി സംഖ്യ കൊടുക്കാൻ കെൽപുള്ളവർ മാത്രം കെട്ടിപ്പടുക്കുന്ന ഗ്രന്ഥശാലാ സംഘത്തിനോ ഭരണ രീതികൾക്കോ ആണോ അല്ല സൗജന്യമായി ഏവർക്കുമെത്തിക്കുവാനാവുന്ന വിജ്ഞാന സേവനത്തിന്റെ നിലവാരത്തിനും വ്യാപനത്തിനുമാണോ എന്ന് ഗൗരവപൂർവം ചിന്തിക്കേണ്ടിയിരിക്കുന്നു.

---

CATION

Dated: 10.8.87.

...്ട് പ്രകാരം കലക്ടറുടെ പ്രവർ
...പ പെരിയാർവാലി ഇറിഗേഷൻ
...ൽ തഹസിൽദാരെ GO(MS) 517/
...ം നിയമിച്ചിരിക്കുന്നതിനാലും;

...ന ഭൂമി ഒരു പൊതുക്കാര്യത്തിന്
...ലിന്റെ 11-ാം ഘട്ടം ചെയിനേ
...ററർ വരെ നിർമ്മിക്കുന്നതിന് ആ
...ിടയുണ്ടെന്നോ പ്രസ്തുത കലക്ടർക്ക്
...ാട്ടീസ് അതു സംബന്ധിക്കുന്ന എ
...ാ വകുപ്പിലെ വ്യവസ്ഥകൾ അനു
...ക്കുന്നു.

DULE

Ernakulam

Village : തൃക്കാക്കരസൗത്ത്

| ation | Approximate Extent Arcs Sq m. |
| --- | --- |